(ജി) ഉണ്ട്. ഉപഭോക്തൃ സമിതി അംഗങ്ങളിൽ 50 ശതമാനം എങ്കിലും വനിതകളായിരിക്കണമെന്നും, സമിതി ഭാരവാഹികളിൽ മൂന്നിലൊന്നിൽ കുറയാത്ത വനിതാപ്രാധിനിധ്യം ഉണ്ടായിരിക്കണമെന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ മൂന്നു പ്രധാന ഭാരവാഹികളിലൊന്ന് വനിതയായിരിക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

(എച്ച്) ഒന്നാംഘട്ടമെന്ന നിലയിൽ നാല് ജില്ലകളിലെ 80 ഗ്രാമ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ പുതിയ മാർഗ്ഗ നിർദ്ദേശ പ്രകാരം സെക്ടർ റിഫോർഡ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ല പൈലറ്റ് ജില്ലയായി തെരഞ്ഞെടുത്തിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി ചെലവിന്റെ 10 ശതമാനവും പദ്ധതി പൂർത്തിയായി കഴിഞ്ഞാൽ അതിന്റെ മെയിന്റനൻസ് ചെലവും ഉപഭോക്താക്കൾ വഹിക്കേണ്ടതാണ്. കൊല്ലം ജില്ലയിൽ കൂടി പൈലറ്റ് പ്രോജക്ടായി അംഗീകരിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിന് പ്രോജക്ട് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

സ്വാഭാവിക ജലസ്രോതസുകളും നീർച്ചാലുകളും സംരക്ഷിക്കുന്ന പദ്ധതികൾ

13 (*42) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ(ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വാഭാവിക ജലസ്രോതസുകളും നീർച്ചാലുകളും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ജലസേചനവകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന നദികളുടെയും കുളങ്ങളുടെയും സംരക്ഷണത്തിന് ആവശ്യമായ പണികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. കൂടാതെ നബാർഡ് സഹായത്തോടെ നദികളിലും നീർച്ചാലുകളിലും ചെക്കുഡാമുകൾ നിർമ്മിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലസ്രോതസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നദികളിൽ അണക്കെട്ടുകളും തടയണകളും മറ്റ് അനുബന്ധ പണികളും ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ ഭാവിയിൽ ഉണ്ടാകാവുന്ന ജലത്തിന്റെ ഉപയോഗത്തെപ്പറ്റി തീരുമാനിക്കുന്നതിലേക്കായി ലോകബാങ്കിന്റെ സഹായത്തോടുകൂടി അവശ്യവിവരങ്ങൾ സംഭരിക്കുന്നതിലേക്കായി "ഹൈഡ്രോളജി പ്രോജക്ട്" എന്ന പദ്ധതി പുരോഗതിയിലാണ്. ലോകബാങ്ക് സഹായത്തോടെ നാല് വടക്കൻ ജില്ലകളിൽ നടത്തുവാനുദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലസ്രോതസുകൾ സംരക്ഷിക്കുവാനുള്ള വിപുലമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ

14 (*43) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ദാസൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈനീസ് സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച് ചൈനീസ് ഗവൺമെന്റുമായി കരാറുണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ ഏജൻസികൾ എന്നിവ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ചൈനയുടെ സാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 18 ചെറുകിട പദ്ധതികളിൽ 4 എണ്ണം പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അവയുടെ ഡിസൈൻ ആന്റ് ഡ്രോയിംഗും യന്ത്രസാമഗ്രികൾ വാങ്ങുന്നതും സ്ഥാപിക്കുന്നതും സംബന്ധിച്ചുള്ള കരാറുകളും വൈദ്യുതിബോർഡും ചൈനയിലെ എച്ച്.ഐ.സി./ഐ. എൻ. എസ്. എച്ച്. പി. യും 3-4-2000-ൽ ഒപ്പുവച്ചു.

LIBRARY ARCHIVES Kerala Legislative Assembly